**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 726**

28.02.2017 - ൽ മറുപടിക്ക്

# കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | (എ) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചു. ധൂർത്തും അഴിമതിയും ഒഴിവാക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിച്ചു. ഇതിലൂടെ ചെലവുകൾ വൻതോതിൽ കുറച്ചു. കൺസ്യൂമർഫെഡിന്റെ പ്രവർത്തനം നിരന്തരമായി വിലയിരുത്തുന്നു.<br>സർക്കാർ സബ്സിഡി ഇനത്തിൽ 35 കോടി രൂപ ഇതിനകം നൽകി. 15 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരികയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർഫെഡിന്റെ നഷ്ടം എത്രയായിരുന്നു എന്ന് അറിയിക്കുമോ; | (ബി) | 31.03.2016-ന്റെ താൽക്കാലിക ബാലൻസ്ഷീറ്റ് പ്രകാരമുള്ള സഞ്ചിത നഷ്ടം 418.11 കോടി രൂപയാണ്. |
| (സി) | പ്രസ്തുത നഷ്ടം നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) | നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ നിർത്തലാക്കി. അധികമുള്ള ജീവനക്കാരെ ഒഴിവാക്കി, പലിശയിലുള്ള നഷ്ടം ഒഴിവാക്കുന്നതിന് വായ്പകൾ പുന:ക്രമീകരിച്ച് പ്രതിമാസ പലിശ ചിലവ് 6.50 കോടിയിൽ നിന്നും 3.25 കോടിയായി കുറച്ചു. പ്രവർത്തന ചിലവുകൾ ചുരുക്കി. വിദേശമദ്യത്തിലെ ഇൻസെന്റീവ് കൺസ്യൂമർഫെഡിന് നേരിട്ട് ലഭ്യമാക്കി, പ്രതിമാസഭരണ ചിലവ് വിറ്റുവരവിന്റെ 7.25% ൽ നിന്നും 6.75 ആയി ചുരുക്കി. |

| | | | |
|---|---|---|---|
| (ഡി) | കൺസ്യൂമർഫെഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്തെന്ന് വ്യക്തമാക്കമോ? | | സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം-1) |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

## കൺസ്യൂമർഫെഡിന്റെ ബാധ്യതകൾ

<table>
<tr><th>വിവരങ്ങൾ</th><th colspan="3">തുക</th></tr>
<tr><td>ബാങ്ക് ലോൺ കുടിശ്ശിക</td><td>437.75</td><td rowspan="2">489.25</td><td rowspan="13">1054.98 കോടി</td></tr>
<tr><td>പലിശ കുടിശ്ശിക</td><td>51.50</td></tr>
<tr><td>സ്ഥിര നിക്ഷേപം നൽകാനുള്ളത്</td><td>147.93</td><td rowspan="2">174.23</td></tr>
<tr><td>പലിശ</td><td>26.30</td></tr>
<tr><td>നീതി വിഭാഗം സപ്ലൈയർമാർക്ക നൽകാനുള്ള കുടിശ്ശിക</td><td>125.28</td><td rowspan="2">163.97</td></tr>
<tr><td>ത്രിവേണി സപ്ലൈയർമാർക്ക നൽകാനുള്ള തുക</td><td>38.69</td></tr>
<tr><td>സർക്കാർ എൻ.സി.ഡി.സി ലോൺ</td><td>85.01</td><td rowspan="2">121.09</td></tr>
<tr><td>സർക്കാർ എൻ.സി.ഡി.സി വായ്പ പലിശ</td><td>36.08</td></tr>
<tr><td>ഷെയർ ക്യാപിറ്റൽ</td><td></td><td rowspan="5">106.44</td></tr>
<tr><td>ഡിസ്ട്രിക്റ്റ് ഹോൾസെയിൽ സ്റ്റോർ</td><td>0.65</td></tr>
<tr><td>മറ്റ് സഹകരണ സൊസൈറ്റികൾ</td><td>0.0001</td></tr>
<tr><td>സ്റ്റേറ്റ് ഗവൺമെന്റ്</td><td>55.95</td></tr>
<tr><td>പലിശ</td><td>49.84</td></tr>
</table>

സെക്ഷൻ ഓഫീസർ